# തൂവൽ



**ലിറ്റിൽ കൈറ്റ്സ്**

എബനേസർ ഹയർ സെക്കന്ററി സ്കൂൾ

വീട്ടൂർ, നെല്ലാട്

# ആമുഖം

ഇളം മനസ്സുകളുടെ നൈർമ്മല്യവും നിഷ്കളങ്കതയും സർഗ്ഗ വിന്യാസങ്ങളുടെ തേരിലേറിയപ്പോൾ അനിർവചനീയവും അവർണ്ണനീയവുമായ ആനന്ദാനുഭൂതി നമ്മിലേക്ക് പകർന്ന് തന്നു കൊണ്ട് മനസ്സിന്റെ വാതായനങ്ങളിൽ ഒരു തൂവൽ സ്പർശമായി ഉണർത്തുപാട്ടായി, കാറ്റിലാടുന്ന അപ്പൂപ്പൻതാടികൾ പോലെ...

# ഉള്ളടക്കം


1. ജീവനാഡീപ്രളയം.................................................. 04

2. അനാഥനായ ഉണ്ണി.................................................. 06

3. അമ്മ.................................................. 07

4. അത്ഭുത മത്തങ്ങകൾ..................................................08

5. മോചനമുണ്ടോ..................................................09

6. ആദ്യത്തെ കേസ് .................................................. 10

7. മുല്ലച്ചെടി.................................................. 11

8. ഓർമ്മകൾ.................................................. 12

9. പ്രതീക്ഷയോടെ.................................................. 13

10 . പ്രളയക്കെടുതി.................................................. 14

11. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത.......................... 15

12. ഭാവി കേരളം നേരിടുന്ന ഊർജ്ജ പ്രതിസന്ധി......................16

13. ഭൂമി, ഭൂമി ആയത് എങ്ങനെ?...................................... 17

14. ഓർമ്മിക്കുമ്പോൾ.................................................. 18

15. അതിജീവനം വരൾച്ചയിൽ നിന്ന്.................................. 20

16. നാലിതൾപ്പൂവ്.................................................. 21

17. കേരളീയ കലകൾ.................................................. 22



# ജീവനാഡീ പ്രളയം

എത്രകാലങ്ങളോളം ഘനീഭവിക്കുമീ രോദനം
എത്രനാളുകളിൽ തേങ്ങിയലയും മൗനാർദ്രമായ്
എന്നൊരിക്കൽ നീ നീക്കുമീ മൂടാപ്പ്

വാർന്നൊഴുകും നിൻ നിർജീവചേതനം
നീ നിറച്ചൊരാ ഗർഭപാത്രങ്ങളിൽ നിന്നു മൊട്ടിട്ടു ജൂവന്റെ നാളികൾ
നിൻ നിണം പേറി നീറ്റി ഒഴുകി വെൺ നേർമയാലും
ജീവിതാർത്ഥം പകരുനവോർ

നിന്റെ ചക്രവാളങ്ങളെ അനുരാഗമായ് അന്തരംഗത്തിലേറ്റി വശ്യാങ്കികൾ.
നിന്നിൽ പേർക്കുമാ മഞ്ഞുനീർതുള്ളികൾ
നിന്നുപുതപ്പിച്ചു ജീവനാഢികളെ...

നീ നിറച്ചൊരാ ഗർഭപാത്രങ്ങളിൽ നിന്നു മൊട്ടിട്ടു ജീവന്റെ നാളികൾ
ഇന്നിതെന്തേ നിൻ നിസ്വാർത്ഥസേവനം  നിന്ദയോടങ്ങു തള്ളുന്നു ഭൂതലം.
ഭൂമിയിൽ ഇന്നിനിന്നാധിപത്യം സദാ മനുജർ തന്നുടെ കൈകളിലേന്തവേ...

നിൻ രക്തധമനികൾ പൊഴിച്ചൊരാ ജീവനെ –ജീവിതതീർത്ഥത്തെയേറ്റി
പിറപ്പിച്ചൊരാ മാതൃപാത്രത്തിൽ

നിന്നറുത്തെടുക്കുന്നുനിൻ പൊക്കിൾ–ക്കൊടി തുമ്പിന്നിന്നിവിടില്ല നിൻനിസ്വനം
നാഗരീകത, ഭീകരതയാകിലോ– ദീപ്രവിഹായസ്സെ, തേടീപറക്കിലോ
വർണ്ണഭൂപാളി തൊടുംതലോടിയും ഉത്തുംഗമായ് ശിലാഗോപുരം പൊങ്ങിലോ..

നാൾക്കുനാൾ വിപ്ലവം തീർത്തുകൊണ്ടങ്ങിങ്ങതായ്
പൊട്ടിപിറക്കിലോ?
നിൻ മാറിടം താനിടം ചൂഴ്ന്നുകൊണ്ട്– നിന്റെ ജീവനാഡിയെ മൂടുമോ?

ഇത്തരത്തിൽ നികൃഷ്ടത വാഴ്ത്തുവാൻ
നിൻ വയറ്റിൽ നീ കുരുത്തൂ കീടാങ്ങളെ...
മാതൃഭാവത്തെ ജീവനോടെ ചിലരേറ്റിടുന്നു, തേന്മാവുതന്നുടെ
ഈറ്റിചിതക്കുള്ളിൽ.

നിന്നിൽ വിങ്ങിഞെരുങ്ങുന്ന തീഷ്ണമാം നൊമ്പരം
കണ്ടു കണ്ണീർപൊഴിക്കുന്നു.
ഘനജമേഘാന്തപുരമർമ്മരം – ഇടിവെട്ടേറ്റുലയുന്നു
ഭൂമിയിൽ ജീവരാശികളൊക്കെ...

കരകവിഞ്ഞൊഴുകുന്നു തടിനികൾ വലയുന്നു, പ്രതിഷേധ
തിരകളിൽ നാടുനടുങ്ങവേ...
ഇന്നും മുഴങ്ങുന്നു കർണ്ണകഠോരമാം, സിംഹഗർജ്ജനം
നിന്നെയും എന്നെയും നീറ്റിപുകക്കവേ...

സ്മൃതിയേൽക്കു തായേ... നിൻ അശ്രുപേർക്കലും
വാകത്തരത്തോടേ വേൽക്കുന്നു മാനുജർ.
നീ കരഞ്ഞലഞ്ഞെങ്ങും പൊഴിക്കുമീ കണ്ണീർ പ്രളയമായ്
മാറിടുമ്പോൾ നിൻ വേരറുത്തെടുത്തൂറ്റത്തിൽ കെട്ടി പടുത്തൊരാ
പാഴ്‌വേല  മണ്ണടിഞ്ഞീടുന്നു.

നീർകുമിളപോൽ നൈമിഷികമായൊരു ജീവിത ചക്രം ചവിട്ടുവാൽ
വെറിപൂണ്ടുവിളയാടുന്നതെന്തിനെടാ!
ഇപ്പോഴും ഈ പ്രളയം പ്രളയമായ് മാത്രം നിൻ ജീവൻ
കിടക്കയിൽ ആർത്തിടുന്നോ?

നീ ശാപമായ് ഏകിയോരീവന്ധ്യത നിന്നമ്മയെ
മൃതിയിൽ നിന്നേറ്റില്ല മാനുഷാ...
നീ മണ്ണിടടച്ചൊരാ നാഭിയിൽ ഇനിയുമീ കണ്ണീർ
ഉറയുകില്ല വറ്റിവരളുകില്ല.

പൊയ്തൊഴിയുമീ വിഹായസ്സിൽ അശ്രുകണങ്ങളീ
പ്രളയത്തെ വേറ്റുകൊള്ളും

ഓർക്കുക നിന്റെ നാശം കൊതിച്ചൊരിക്കലും നേർക്കയല്ല
നിന്നമ്മ ഇന്നിതിനേതു പേരു നീ വിളിക്കും
പ്രളയക്കെടുതി തീർക്കും പേമാരിയെന്നോ?
ഇനിയും മൃതിയടയാത്ത അതിജീവനമെന്നോ?

Anamika Babu
IX- G

ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്

# അനാഥനായ ഉണ്ണി



അന്ന് പുറത്ത് പെരുമഴയായിരുന്നു. എന്നാലും പോസ്റ്റ്മാൻ തന്റെ സൈക്കിളിൽ എനിക്കുള്ള കത്തുമായി വരുന്നത് ഞാനും ബോർഡിങ്ങിലെ ഉടമസ്ഥനും കണ്ടു. അദ്ദേഹം ഓരോരുത്തർക്കുമുള്ള കത്ത് പേര് വിളിച്ചുകൊടുത്തു. അടുത്തത് എന്റെ ഊഴമാണ്, ഉണ്ണിക്കുട്ടൻ, ക്ലാസ്സ് 8 ഞാൻ ഉത്സാഹത്തോടെ ആ കത്ത് വാങ്ങിച്ച് വായിച്ചു. എനിക്ക് 14 വയസ്സുള്ളപ്പോഴാണ് ഞാൻ ഈ വാർത്ത അറിയുന്നത്. ആകാംഷയോടെ തന്റെ അച്ഛൻ തനിക്കുവേണ്ടി എഴുതിയ കത്ത്. ഞാൻ നോക്കുമ്പോൾ അതിൽ വേറെ ഒന്നും എഴുതിയിട്ടില്ല. സ്റ്റാമ്പ് കീറി ഞാൻ ഉള്ളിൽ നിന്നും കത്ത് വായിച്ചുനേക്കി. ഒരൊറ്റ വാക്കിൽ ആ കത്ത് അവസാനിച്ചിരിക്കുന്നു. നീ, അനാഥനാണ്. ഞങ്ങൾക്ക് നിനക്കുമായി യാതൊരു ബന്ധവുമില്ല. അവന്റെ നെഞ്ച് എന്തിനോ വേണ്ടി പിടയുന്നതുപോലെ തോന്നി എന്റെ കാലുകൾ മരവിച്ച് കണ്ണിൽ നിന്നും കണ്ണീർത്തുള്ളികൾ വന്നു. ഒരു മഴപോലെ ആ രഹസ്യ ബോർഡിങ്ങിലെ വാർഡനും അറിയാമായിരുന്നു. ഇത്രയും നാളായി തന്നോട് ഇപ്പോൾ ആ കാര്യം എനിക്ക് വ്യക്തമായി. എനിക്ക് 8 വയസ്സുള്ളപ്പോൾ ഞാൻ ഇവിടെ വന്നതാണ്. ഒരിക്കലും എന്നെ താലോലിക്കാനോ അമ്മേ, അച്ഛാ എന്നു വിളിക്കാനോ ആരും ഈ വയസ്സിനിടയിൽ വന്നിട്ടില്ല. ഓരോ വർഷവും കുറച്ചു കളിപ്പാട്ടങ്ങൾ എന്നെ തിരക്കി എന്റെ മുറിയിൽ എത്തുമായിരുന്നു. എന്നാൽ ആ കളിപ്പാട്ടങ്ങൾ എന്റെ കൈകളിൽ കൊണ്ടെത്തിക്കാൻ അവർക്ക് മനസ്സുവന്നില്ല. ഈ കാര്യം സത്യമാണോ എന്നറിയാൻ ഞാൻ വാർഡന്റെ അടുത്തേക്കോടി. അപ്പോഴും എന്റെ കണ്മുകളിൽ നിന്ന് കണ്ണീർത്തുള്ളികൾ വറ്റിയിരുന്നില്ല. പുറത്തുള്ള മഴ പതിയെ പതിയെ തോർന്നു തുടങ്ങി. അങ്ങനെ ഞാൻ വാർഡന്റെ അടുത്തെത്തി. കത്ത് അയാളുടെ കണ്ണുകൾക്കു മുന്നിൽ വച്ചു കാണിച്ചു കൊടുത്തു. സാർ ഇത് സത്യമാണോ? അതെ എന്ന ഒറ്റവാക്കിൽ അയാൾ മറുപടി പറഞ്ഞു ആ ഹോസ്റ്റലിലെ മറ്റു കുട്ടികൾ അത് കേട്ടു. ഞാൻ മെല്ലെ അയഞ്ഞ ദേഹത്തോടുകൂടി മുറിയിലേക്കു നടന്നപ്പോൾ ചിലർ എന്നെ സഹതാപത്തോടെ നോക്കി.

മറ്റുചിലർ മാറി നിന്ന് എന്നെക്കുറിച്ച് എന്തൊക്കെയോ പറയുന്നതും ഞാൻ കണ്ടു. അടുത്ത ദിവസം ഞാൻ ഹോസ്റ്റലിൻ മുറ്റത്ത് നിന്നപ്പോൾ ഒരു അമ്പാസിഡർ എന്റെ മുന്നിൽ വന്നു നിന്നു. ഇറങ്ങി വന്നത് എന്നെ എടുത്തുവളർത്തിയ അച്ഛനും അമ്മയും ആയിരുന്നു അവർ എന്തോ വാർഡനോട് സംസാരിക്കുന്നത് ഞാൻ കണ്ടു. അച്ഛനെ കണ്ട സന്തോഷത്തോടെ ഞാൻ ഓടിയപ്പോൾ അദ്ദേഹം വണ്ടി പുറകോട്ട് എടുക്കുന്നത് കണ്ട ഞാൻ പിറകോട്ടു തിരിഞ്ഞു നടന്നു. അപ്പോൾ വാർഡൻ എന്നെ കണ്ടു. അയാൾ എന്നെ ചേർത്തു പിടിച്ച് കരഞ്ഞു. എന്തിനാണ് സാർ കരയുന്നത് ? ഞാൻ ചോദിച്ചു.. ഉണ്ണീ എന്റെ ഉണ്ണീ... അയാൾ ചതിയനാണ് മോനെ നിന്നെ കൊല്ലാൻ എന്നോട് പറഞ്ഞിരിക്കുകയാണ്. എന്ത് ? അയാൾക്ക് എന്നോട് യാതൊരു ബന്ധവുമില്ലയെന്നല്ലേ പറഞ്ഞത് ? പിന്നെന്തിനാ? ഞാൻ ചോദിച്ചു. പിൽക്കാലത്ത് നീ അവരെ അന്വേഷിച്ചു ചെല്ലുമോ എന്നൊരു പേടിയാണവർക്ക് ഇതുകേട്ട ഉണ്ണിക്ക് അയാളോട് വെറുപ്പുതോന്നുകയും കരച്ചിൽ വരുകയും ചെയ്തു. എന്നിട്ട് വാർഡനോട് പറഞ്ഞു. എന്നെ നാക്കാനായും എനിക്കായും ആരും കാത്തിരിക്കാനോ എന്നെ ഓർക്കാനോ ആരും ഇല്ല. ഇനി ഞാൻ അയാളുടെ അടുത്ത് ചെല്ലുകയില്ല. എനിക്ക് ആരും വേണ്ട. അച്ഛൻ അനിമോളെ (അതായത് ഉണ്ണിയെ എടുത്തുവളർത്തിയവരുടെ മകൾ) സ്നേഹിക്കുന്നതുപോലെ വാർഡന് എന്നെ സ്നേഹിക്കാമോ എന്ന് ഉണ്ണി ചോദിച്ചു. അപ്പോഴും അവൻ കരയുകയായിരുന്നു. മേഘങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് ഇടിവെട്ടി. അവർ സങ്കടത്തോടെ നനഞ്ഞ കണ്ണുകളോടെ ആകാശത്തേക്കു നോക്കി. അവനെ നോക്കി അവർ അപ്പോൾ കരയുകയായിരുന്നു.

ശുഭം.

By,
Gayathri devi P.S.
IX- C



# അമ്മ

താരാട്ടുപാടുന്നൊരമ്മ
എന്റെ ജനനീയാം തേജസെന്നമ്മ
അ എന്നൊരക്ഷരം ധന്യമാക്കീടുന്നൊരമ്മ
എന്നെ മാറോടു ചേർക്കുന്നൊരമ്മ

ദു:ഖമാം കടലിന്റെ നടുവിലെന്നാകിലും
നനകയായ് മാറുന്നു അമ്മ
വെയിലത്തു തണലായി
മഴയത്തും കുടയായി
മാറുന്നുവെന്നുമെൻ അമ്മ
എന്റെ ജീവിതമാണെനിക്കമ്മ

ഇനലോകമിത്രയും വലുതെന്നു തോന്നുകിൽ
അമ്മയാണതിലേറെ ശ്രേഷ്ടം
അമ്മ യെന്നാപദം ധന്യമാക്കീടുന്ന
തേജ്ജസാണമുഖത്തെന്നും

ആ മുഖം ഒന്നു ഞാൻ കാണകയാൽ
എന്റെ ദു:ഖമിന്നെവിടേക്കു പോയി
ഈരേഴു ലോകവും വീക്ഷിച്ചോടുവിലാനന്ദ
നൊമ്പരം ചാർത്തും.

സാഗരം പോലെ അനന്തമാണമ്മതൻ
മുൻക്കൂടിനുള്ളിലെ സ്നേഹം
ആമുഖം തന്നെയാണെന്റെ ഐശ്വര്യം
ആ മുഖം തന്നെയാണെന്റെ വിജയവും
ആ അമ്മയെയാണെനിക്കിഷ്ടം

Vismaya S
VIII- A

ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്

## കഥാരചന

# അത്ഭുത മത്തങ്ങകൾ



പണ്ടൊരു ഗ്രാമത്തിൽ ഇരട്ടകളായ രാമുവെന്നും രാജുവെന്നും പേരുള്ള രണ്ടാളുകൾ വസിച്ചിരുന്നു. രാമു വളരെ സ്നേഹമുള്ളവനായിരുന്നു. എന്നാൽ രാജു വളരെ ക്രൂരനായിരുന്നു. അവർ കല്ല്യാണം കഴിച്ചു. രാമു വളരെ ദരിദ്രയായ ഒരു പെൺകുട്ടിയെയായിരുന്നു. കല്ല്യാണം കഴിച്ചത്. എന്നാൽ രാജുവിന്റെ ഭാര്യയാകട്ടെ വളരെ സമ്പന്നയായിരുന്നു. ഓരു ദിവസം രാമു വീടിന്റെ ഉമ്മറത്തിരിക്കെ ഒരു സംഭവം നടന്നു. മരത്തിൽ നിന്നു വീണ രണ്ടു പക്ഷികൾ ചോരയറ്റുക്കിടക്കുകയായിരുന്നു. അവിടെ കൂടാതെ അവർക്ക് വളരെ വേദനയുമുണ്ടായിരുന്നു.. രാമു ഓടി ചെന്ന് അവരെ വാരിയെടുത്ത് മുറിവുണ്ടായ ഭാഗത്ത് മരുന്നുവച്ചു കെട്ടിക്കൊടുത്തു അവരുടെ ചിറകിനായിരുന്നു പരിക്ക് പറ്റിയിരുന്നത് അതിനാൽ അവർക്ക് പറക്കാൻ സാധിച്ചില്ല. കുറച്ചു ദിവസങ്ങൾക്ക് ശേഷം പക്ഷികൾ സുഖം പ്രാപിച്ച് സന്തോഷത്തോടെ യാത്രയായി, ഇത്തിരിദിവസം കൂടി കഴിഞ്ഞപ്പോൾ കുറെ പക്ഷികരച്ചിൽ കേട്ടാണ് അദ്ദേഹം എണീച്ചത് അദ്ദേഹം വീടിന്റെ ഉമ്മറത്തെത്തിയപ്പോൾ ആണ്  രാമുവിന് മനസ്സിലായത് അന്ന് പരിക്കുപ്പറ്റിയ കിളികളായിരുന്നു അത്. രാമുവിന് വളരെ സന്തോഷമായി രാമു സന്തോഷത്തോടെ ഭാര്യയെ വിളിച്ചു. ആ പക്ഷി അതിന്റെ കൊക്കിൽ ഒരു മത്തങ്ങ വിത്തുമായിയായിരുന്നു വന്നത് ആ പക്ഷികൂട്ടങ്ങൾ അദ്ദേഹത്തിനു മുന്നിൽ മത്തങ്ങ വിത്തു വച്ച് സന്തോഷത്തോടെ യാത്രയായി. രാമു വളരെ  സന്തോഷത്തോടെ അതു കുഴിച്ചിട്ടു പിറ്റേദിവസം സന്തോഷത്തോടെ  ഉമ്മറത്തിറങ്ങിയ അദ്ദേഹത്തിന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല ഉന്നലെ  നട്ട മത്തങ്ങകൾ വിളഞ്ഞു കിടക്കുന്നു.

അദ്ദേഹം തന്റെ ഭാര്യയെ വിളിച്ചു ഭാര്യക്കും വിശ്വസിക്കാനായില്ല ആ ഭാര്യ പറഞ്ഞു ഒന്ന് നമുക്ക് എടുക്കാം ബാക്കി മൂന്ന് മത്തങ്ങകൾ കൊടുക്ക് ഓന്നോ രണ്ടോ രൂപ കിട്ടിയാൽ അതു മതിയാവില്ലേ. അദ്ദേഹം ആ മൂന്ന് മത്തങ്ങകളും പറിച്ചു. ആദ്യത്തെ ഓരെണ്ണം അവർ മുറിച്ചു നോക്കിയപ്പോഴല്ലെ അതിലും വലിയ അത്ഭുതം ആ മത്തങ്ങക്കുള്ളിൽ നിറയെ ആഭരണങ്ങൾ അവർ ബാക്കി മൂന്നുംകൂടി മുറിക്കാൻ തീരുമാനിച്ചു. അപ്പോൾ കുറെ വസ്ത്രങ്ങളും, പലഹാരങ്ങളും പഴങ്ങളും ലഭിച്ചു. ഇതറിഞ്ഞ രാജുവിന് അസൂയതോന്നി രാജുവും രാജുവിന്റെ ഭാര്യയും കൂടി ഒരു പക്ഷിയുടെ ചിറകിന്റെ അവിടെ രാജു കല്ലുവെച്ച് എറിഞ്ഞ് മുറിവുണ്ടാക്കി അതിനെ അവൻ തന്നെ ശ്രുശൂഷിച്ചു. ഇത്തിരി ദിവസങ്ങൾക്കു ശേഷം ആ പക്ഷിയുടെ മുറിവും ഭേദമാക്കി അയച്ചു. ഇത്തിരിദിവസങ്ങൾക്കു ശേഷം  പക്ഷികളുടെ കോലാഹാലം  കേട്ടാണ്  കേട്ടാണ് രാജു എഴുന്നേറ്റത് അപ്പോൾ അതാ ആ പക്ഷിയുടെ കൈയ്യിൽ മത്തങ്ങ വിത്തും ഉണ്ടായിരുന്നു. പക്ഷിയെ പറഞ്ഞയച്ചതിനുശേഷം രാജുവും അവന്റെ ഭാര്യയും കുടി അത് കുഴിച്ചിട്ടു. പിറ്റേദിവസം സന്തോഷത്തോടെ രാജു  മത്തക്കുരു കുഴിച്ചിട്ടിടത്തേക്ക്  ഓടി അവൻ അവിടെ ചെന്ന് നോക്കിയപ്പോൾ നാലു മത്തങ്ങ കണ്ടു അവൻ ഭാര്യയെയും വിളിച്ച് മത്തങ്ങ മുറിച്ചു പക്ഷെ ആ മത്തങ്ങകൾക്കുള്ളിൽ ഒന്നും കിട്ടിയില്ല. അതിനുശേഷം അവർക്ക്  മനസ്സിലായ പാഠം അത്യാഗ്രഹം ആപത്താണ്.

**Devapriya P.A**
Class : 8 E
Roll No: 30

കവിത

# മോചനമുണ്ടോ?

കണ്ണും തെളിച്ചങ്ങിരിക്കുന്ന സൂര്യന്റെ
കണ്ണിനു നിർവൃതി ഉണ്ടോ...

ഭാരവും പോറി നിൽക്കുന്ന ഭൂമിക്ക്
ജീവിത മോചനമുണ്ടോ...

കടലാസു തോണിയാം ജീവിത
നൗകയിൽ തുഴയാത്ത ജീവിതമുണ്ടോ...

പാറി പറക്കുന്ന പക്ഷികളാം യുവജനം
ഓടി വിയർക്കുന്നു മണ്ണിൽ

കാടും, മലകളും വെട്ടി പിളർന്നിട്ട് വെട്ടി
പിളർന്നിട്ട്
നെട്ടോട്ടമോടുന്ന മാനവൻ

By,
**Adharsh Manoj**
IX- G
Roll No: 4



# ആദ്യത്തെകേസ്

പാവപ്പെട്ട ഒരു നിയമാധ്യാപകനായിരുന്നു ചാന്ദ്‌ലാൽ. വിക്രം എന്ന പാവപ്പെട്ടയുവാവിനെ ചാന്ദ്‌ലാൽ നിയമം പഠിപ്പിച്ചു. പഠിത്തം കഴിഞ്ഞ് ആദ്യത്തെ കേസ് വാദിച്ചുജയിക്കുമ്പോൾ പ്രതിഫലം തരാം എന്നായിരുന്നു വ്യവസ്ഥ. വിക്രം ദരിദ്രനായതിനാൽ ചാന്ദ്‌ലാൽ അതു സമ്മതിച്ചു. പഠനം കഴിഞ്ഞതോടെ വിക്രം ചാന്ദ്‌ലാലിനെ പാടേ മറന്നു. വളരെ നാൾ കഴിഞ്ഞിട്ടും അയാൽ ചാന്ദ്‌ലാലിനു പ്രതിഫലം കൊടുത്തില്ല. അങ്ങനെയിരിക്കെ വിക്രത്തിന് ഒരു നിധി കിട്ടി അയാൾ പണക്കാരനായി എന്നിട്ടും വിക്രം ചാന്ദ്‌ലാലിനുള്ള പണം കൊടുത്തില്ല. പലപ്പോഴും വഴിക്കുവെച്ച് ചാന്ദ്‌ലാലിനെ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചു ചാന്ദ്‌ലാൽ പരാതിയുമായി ന്യായാധിപന്റെ മുന്നിലെത്തി. ആദ്യത്തെ കേസ്  ജയിക്കുമ്പോൾ പ്രതിഫലം കൊടുക്കാം എന്നേ ഞാൻ പറഞ്ഞിട്ടുള്ളു. അപ്പോൾ കൊടുക്കുകയും ചെയ്യും. ഹും നിധി കിട്ടി എന്നു വച്ചു പണം കൊടുക്കാൻ എന്നെ നിർബന്ധിക്കുന്നത് നീതിയല്ല. നിയമം പഠിച്ചവിക്രം വാദിച്ചു.

അല്പസമയം ചിന്തിച്ചിരുന്നിട്ടും  ന്യായാധിപൻ പറഞ്ഞു സമർഥൻ നിന്റെ വാദം ശരിയാണ്. നീ ജയിച്ചിരിക്കുന്നു. പൊയ്ക്കോള്ളൂ.  വിധികേട്ട ചാന്ദ്‌ലാൽ ദു:ഖിതനായി. വിധി ചാന്ദ്‌ലാലിനെ നോക്കി പുച്ഛത്തോടെ ചിരിച്ചു. അയാൽ വീട്ടിലേക്കു പോകാനൊരുങ്ങി, അപ്പോൾ പിന്നിൽ നിന്നൊരു ശബ്ദം.
നിൽക്കു അതു ന്യായാധിപനായിരുന്നു. ഇവിടെ നടന്ന വാദപ്രതിവാദം ഓർമ്മിക്കുന്നില്ലേ ? അതിൽ നിങ്ങൾ വിജയിച്ചില്ലേ നിങ്ങൾ ജയിച്ച ആദ്യത്തെ കേസ് അതാണ് ഇനി ചാന്ദ്‌ലാലിന്റെ പണം കൊടുക്കു.. വിക്രത്തിന് മറുപടി പറയാൻ നാവുയർത്തില്ല അയാൾ ചാന്ദ്‌ലാലിനുള്ള പണം കൊടുത്തു. ചാന്ദ്‌ലാൽ ന്യായാധിപനെ വണങ്ങി സന്തോഷത്തോടെ വീട്ടിലേക്കു തിരിച്ചുപോയി.

Alwin P.M
IX - C

# മുല്ലച്ചെടി

ആറ്റിൻവരമ്പിലെ ഇടുങ്ങിയപാതയിലെ
വള്ളികളിൽ ജനനം നിർവഹിച്ചൊരു മുല്ലച്ചെടി
ഇന്നലെ എൻ കണ്ണിനെ മയക്കിയ ചെടിയോട്
ടെനിക്ക് സൗഹൃദം വേണമെന്നാശായായ്

എന്നിലെ സൗഹൃദം പൂണ്ടു ഞാൻ
പൂവിൻ സുഗന്ധത്തിൽ മയങ്ങി പോയി
തൂവെണ്ണിലവിൻ കാന്തിഅറിയിക്കുന്ന
മുല്ലച്ചെടി ഇന്നെൻ കൂട്ടുക്കാരൻ

ദു:ഖനിമിഷങ്ങൾ വന്നിടുമ്പോൾ സ്വയം
തളരാതെ നിവർന്നു നിന്നിടുന്നു.
കാറ്റിലും കാറിലും നിലം ചാഞ്ഞ്വൻ
എങ്കിലും രശ്മികൾ ചെടിയെ ഉയർത്തീടുന്നു.

കൊച്ചു മുല്ലപൂവുകൾക്കമ്മയായ് മാറുന്നു.
പരിചിച്ച് അവരെ വളർത്തീടുന്നു.
നാട്ടിലെ ഹൈന്ദവ വംശജർക്കെല്ലാം തൻ
മക്കളെ ‘ചൂടുവാൻ ആവശ്യമായ്

ചെടിയുടെ നന്മ തന്നിൽ ഒതുങ്ങാതെ
മക്കളൂടെയും പടർനാടിടുന്നു. ഇതിനാൽ
സന്തോഷം തൂകിനിന്ന ചെടി
ആനന്ദത്തോടെ പാടി പറഞ്ഞീടുകയായ്

എൻ ജന്മനാട്ടിൽ ജീവിച്ചുക്കഴിഞ്ഞു ഞാൻ
നന്മകൾ നൽകി വാഴ്ത്തീടുന്നിതാ



Devananda S. Nadh



# ഓർമ്മകൾ

തില്ലരി എന്ന പച്ചപ്പരവതാനി വിരിച്ച ഒരു കൊച്ചു ഗ്രാമം  രാവിലെ ആ ഗ്രാമപ്രദേശങ്ങൾ മുഴുവനും  പ്രകൃതി മൂടൽ മഞ്ഞുകൊണ്ട് പുതപ്പിച്ചിരിക്കുന്നു. അടുത്തുള്ള ക്ഷേത്രത്തിൽ നിന്നു സുപ്രഭാതഗീതങ്ങൾ ഒഴുകി എത്തുന്നു ഓരോ ഗ്രാമീണരുടെയും ഹൃദയധമനികളിൽ ആ ഗീതങ്ങൾ ഓർമ്മയിൽ കൊള്ളുന്നു. പ്രഭാതസൂര്യന്റെ  കരങ്ങ്കൾ ആ ഗ്രാമത്തെ  തഴുകി ഉണർത്തുന്നു. തോടുകളും പാടങ്ങളും തൊടികളും ഒന്നിച്ചുള്ള ഗ്രാമത്തിൽ ചെറുകിടകർഷകരും കച്ചവടക്കാരും താമസിക്കുന്നു. നോക്കോത്താദൂരത്തോളം കൃഷിപാടങ്ങൾ ആ പാടങ്ങളിൽ വിവിധയിനം  പക്ഷികൾ , രാവിലെ ഇരപിടിക്കുന്നു. വൃക്,കമ്പുകളിലിരുന്ന് ചാകോരപക്ഷികൾ ചിലച്ചുകൊണ്ട് പറന്ന് അകലുന്നു. ആ ഗ്രാമത്തിലെ ഒരു കർഷകനാണ് രാമു അദ്ദേഹത്തിന്റെ കൂട്ടുക്കാരൻ കച്ചവടക്കാരനായ  മത്തായിയും താമസിക്കുന്നു. രാമുവിന് രമ്ട് കുട്ടികൾ രഘുവും രശ്മിയും മത്തായിക്കാകട്ടെ ഒരു മകൻ ബോബനും ബോബനും രഘുവും ചെറുപ്പം മുതൽ ഉറ്റ കൂടുക്കാരാണ്  രണ്ടുപേരും ഒന്നിച്ച്  സ്കൂളിൽ എല്ലാ പരിപാടികൾക്കും രഘുവും ബോബനും പങ്കെടുത്തിരുന്നു. മിക്ക ഇനങ്ങൾക്കും അവർക്ക് സമ്മാനങ്ങളും ലഭിച്ചു. വർഷങ്ങൾ ഒന്നൊന്നായി കടന്നുപോയി അതിനിടയിൽ മഴക്കോലങ്ങളും വേനൽക്കാലങ്ങളും മഞ്ഞുകാലങ്ങളും കടന്നുപോയി രണ്ടുപേരും പത്താംക്ലാസിൽ എത്തി രശ്മി ഏഴിലും. ഒരു ദിവസം ആ ദു:ഖവാർത്ത ആഗ്രാമവാസികളെ ഞെട്ടിച്ചുകളഞ്ഞു മത്തായിയും  ഭാര്യ ആലീസും ഒരു വാഹനാപകടത്തിൽ മരണപ്പെട്ടു. അതുകൊണ്ട് തന്നെ ബോബൻ ഒറ്റപ്പെട്ടുപോയി അവന്റെ ദു:ഖത്തിൽ രഘുവും പങ്കുചേർന്നു.

ബോബനെ അവന്റെ അമ്മയുടെ വീട്ടുക്കാർ വിളിച്ചുകൊണ്ടുപോയി ബോബൻ ഉന്നതവിദ്യാഭ്യാസം നേടി എന്നാൽ രഘുവുനും ബോബനും പരസ്പരം  കണ്ടുമുട്ടാൻ അവസരം ഉണ്ടായിരുന്നില്ല കാരണം ബോബൻ താമസിക്കുന്നത് അമ്മയുടെ പാലക്കാട്ടുള്ള വീട്ടിലാണ് ഒരു സുപ്രഭാതത്തിൽ ഉറക്കമുണർന്നപ്പോൾ എഴുന്നേൽക്കാൻ കഴിയുന്നില്ല കാലിന് അതിഭയങ്കരമായ വേദന പ്രാഥമിക കാര്യങ്ങൾ പോലും ചെയ്യുന്നതിന് മറ്റൊരാളുടെ സഹായം വേണമെന്നായി വൈദ്യർ പറഞ്ഞു വാതമാണ് എന്ന് മരുന്നുകൾ കഴിച്ചിട്ടു രാമിവിന്റെ അസൂഖം കുറഞ്ഞില്ല ഓരോ ദിവസവും വേദന കൂടുന്നു. അങ്ങനെ രാമു കിടപ്പിലായി വീടിന്റെ  ചുമതല രഘുവിന്റെ  ഉത്തരവാദിത്വമായി അങ്ങനെ രഘു ഒരു വർക്ക്ഷോപ്പിൽ പണിക്ക് പോയി തുടങ്ങി. അവൻ ഒരു മെക്കാനിക്കായി അവന്റെ ആഗ്രഹം സ്വന്തം സഹോദരിയുടെ നല്ല ഭാവിയായിരുന്നു അവൾ കോളേജിൽ ചേർന്ന് പഠിക്കുന്നു ഇപ്പോൾ രഘു അറിയപ്പെടുന്ന ഒരു മെക്കാനിക്കാണ് എല്ലാവരോടും  നല്ലരീതിയിൽ ഇടപ്പെടുന്ന ഒരു ചെറുപ്പക്കാരൻ സ്കൂളിൽ പഠിച്ചപ്പോൾ ഉണ്ടായ രസകരമായ മറ്റു സംഭവങ്ങളും അവരുടെ മനസിലൂടെ കടന്നുപോയി. അപ്പോൾ ഒരു ദു:ഖം ബോബനെ തേടിയെത്തി  തന്റെ അപ്പനും അമ്മയും തന്നെ  പിരിഞ്ഞുപെയത് ബോബനു അറിയാതെ അവന്റെ  കണ്ണുനിറഞ്ഞു രഘുവും ബോബനും അല്പസമയം അങ്ങനെ ഇരുന്നു. ബോബനും രഘുവിനോട് അട ുത്തദിവസം വീട്ടിൽ വരുമ്പോൾ കാണാമെന്ന് പറഞ്ഞ് പിരിഞ്ഞു രഘുവിന് തന്റെ പഴയ കൂട്ടുക്കാരനെ കണ്ടതിൽ സന്തോഷം  തോന്നി. പിറ്റേദിവസം  രാവിലെ രഘുവിന്റെ  വീട്ടിൽ ബോബൻ എത്തിച്ചേർന്നു അവർ ഇറയത്തിരുന്ന് സംസാരിച്ചു അപ്പോൾ രശ്മി അകത്തു നിന്ന്  ഇറങ്ങി വന്നു അവൾക്ക് ബോബനെ മനസ്സിലായില്ല രഘു ബോബനെ പരിചയപ്പെടുത്തി അവർ ചിരിച്ചും രശ്മി അശത്തേക്ക് പോയി രണ്ട് ഗ്ലാസ്സ് കട്ടൻ ചായയുമായി വന്നു  എടുക്കുമെന്നും അറിയിച്ചു രഘുവിന് സന്തോഷമായി രഘു ബോബന് ആശംസകൾ നേർന്നു.

**Asbbin Ouseph**
**VIII- E,  Roll No: 10**

ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്



# പ്രതീക്ഷയോടെ...

മുളപൊട്ടി പുറത്തുവരും ദളങ്ങൾക്ക്
വളമേകിടാം കൈകളാൽ

വിടരുന്ന പുതു ചിന്തകൾകൾക്ക്
ജീവൻ പകർന്നിടാം

കരുണക്കായ് കരങ്ങൾ നീട്ടും
ജീവനുകൾക്ക് ജീവിതം നൽകിടാം

കരയുന്ന മനസ്സുകൾകക്
സ്വാന്തനം പകർന്നിടാം

ഉണരട്ടെ ഈ ലോകം
നല്ല ചിന്തകൾക്കായ്

നല്ല നന്മകൾ ചെയ്യുവാനായ്
പ്രതീക്ഷയോടെ....

Nandana Rajan
IX- G
Roll No : 39



വിഷയം :

# പ്രളയക്കെടുതി

എവിടെനിന്നും കേൾക്കുന്നിതാ രോദനം
പ്രളയക്കെടുതി തൻ ആരംഭ ഗീതകം
വലയുന്ന കാറ്റിലും അലയുന്ന നാട്ടിലും
എവിടെയാ രോദനം ആരു കേൾപ്പൂ
ശ്രീ ഭദ്ര പോലെ തപിക്കുന്ന കാറ്റിന്റെ
ചടുല താളങ്ങളും നോക്കി നിൽക്കെ
തകരുന്നു വീടുകൾ കാതോർക്കുന്ന കാടുകൾ
ഇളമിലകളും പൊഴിയുന്നു ജീവിതം പോൽ
മഴയെന്നു പേരുള്ള തണ്ണീർതടങ്ങളിൽ
തുഴയുന്നു തോണികൾ കരതന്റെ മാറിലായ്

പുഴയേതു കരയേതെന്നറിയുവാനാകാതെ
സ്തബ്ശരായ് നിൽക്കുന്നു മാനുഷർ പോലുമെ

കേൾക്കുന്നുവോ നിങ്ങൾ കേൾക്കുന്നുവോ
മണ്ണുതൻ മനസ്സിന്റെ അവനിതൻ ജീവന്റെ
ദീനമാം രോദനം കേൾക്കുന്നുവോ

ആരംഭ ദൂതനായ് എത്തുന്ന കാറ്റിലും
മണ്ണിന്റെ മാറിലായ് ചൊരിയുന്ന മഴയിലും
ഇന്നെത്രയോ ജീവൻ പൊഴിഞ്ഞുപോയി
ഇന്നുമെത്രയോ ഭവനങ്ങൾ മാഞ്ഞുപോയി
തോരാതെ പെയ്യുന്നു മഴ തന്റെ ചാഞ്ചലം

തീരാതെയൊഴുകുന്നു കണ്ണുനീർത്തുള്ളികൾ
മുത്തുപോൽ ചിന്നി ചിതറിടുമ്പോൾ
ഒന്നുഞാൻ ചോദിക്കയാണെന്റെ ദൈവമേ
എന്തിനീ ക്രൂരത ഞങ്ങളോടെ
എന്തിനീ ക്രൂരത ഞങ്ങളോടെ

Vismaya S.S
VIII- A
Roll No: 42
Blue house

ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്



# പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത

പ്രകൃതി നമ്മുടെ അമ്മയാണ് വളരെ കാലം മുമ്പ് തന്നെ നാം ഓരു നിയന്ത്രണവുമില്ലാതെ പ്രകൃതിയുടെ അമൂല്യ സംഭാവനകളെ ഉപയോഗിക്കുന്നു. ഇത് മൂലം പ്രകൃതിക്ക് വളരെ വലിയ ഒരാഘാതമാണ് ഏറ്റിരിക്കുന്നത്. സമീപകാലത്തുണ്ടായ പ്രളയത്തെ മറന്ന് നമ്മൾ പ്രവർത്തിക്കുന്നു. പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നത് നാം തുടരുന്നു. അവിവേകിയായ മനുഷ്യന്റെ സ്വാർത്ഥത മൂലം അനേകം വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നു, തലസ്രോതസ്സുകൾ മലിനമാക്കുന്നു, വനങ്ങൾക്ക് പകരം കോൺക്രീറ്റ് സമുച്ചയങ്ങൾ പെരുകുന്നു. ഇതിനെല്ലാം വേണ്ടി നാം പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നു. കടുത്ത വേനലുകൾ, പ്രളയങ്ങൾ, അഗ്നി പർവ്വത സ്ഫോടനങ്ങൾ, കാട്ടുതീകൾ എന്നിവ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റത്തിനെതിരെ പ്രകൃതി നിർമ്മിക്കുന്ന മതിൽക്കെട്ടുകളാണ്. ആ മതിൽക്കെട്ടുകളെ നാം നിസ്സാരമായി കാണരുത്. അതിനെല്ലാം നാം വലിയ വില കൊടുക്കേണ്ടിവരും. സമീപകാലത്തുണ്ടായ പ്രളയം നമ്മെ ഇതോർമ്മിപ്പിക്കുന്നു. വനങ്ങൾ വെട്ടിനശിപ്പിക്കുന്നതിലൂടെ നാം നമ്മുടെ ജീവന് തന്നെയാണ് ഭീക്ഷണിയൊരുക്കുന്നത്. മരങ്ങൾ നമുക്ക് ശുദ്ധവായു നൽകുന്നു. എങ്കിലും നമ്മൾ മരങ്ങളെ വെട്ടി നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല 44 ജലസ്രോതസ്സുകളുള്ള  കേരളം വേനലുകളിൽ ജലത്തിനായി നെട്ടോട്ടമോടുന്നു. ഫാക്ടറികളിൽ നിന്നും മറ്റും ഒഴുകുന്ന രാസവെള്ളങ്ങൾ മൂലം അനേകം ജീവജാലങ്ങൾ ചത്തൊടുങ്ങുന്നു. വറ്റിവരണ്ടൊഴുകുന്ന പുഴകൾ, കാലം തെറ്റി പെയ്യുന്ന മഴ, രാക്ഷസയന്ത്രങ്ങൾ തുന്നുതീർത്ത പാറകൾ, വെട്ടിനശിപ്പിച്ച വനങ്ങൾ, ഇതിനെല്ലാം കാരണക്കാർ നാം ആണെന്ന സത്യാവസ്ഥ നാം തിരിച്ചറിയണം. വിതസനത്തിന്റെ പേരിൽ നാം ചെയ്തുകൂട്ടുന്ന കാര്യങ്ങൾ നന്നല്ല എന്ന്  നാം തിരിച്ചറിയണം. മനുഷയൻ മാത്രമാകുന്ന സങ്കൽപ്പം ഒരിക്കലും വികയസനമാകുകയില്ല എന്ന് നാം മനസ്സിലാക്കണം. നാം നിസ്സാരമെന്ന് കരുതുന്ന സൂക്ഷ്മ ജീവികൾക്കു പോലും പ്രകൃതിയിൽ വലിയ ഒരു സ്ഥാനമുണ്ട്. ഭൂമിയിലെ ചരാചരങ്ങളെല്ലാം ഒരു പട്ടുനൂലിൽ കോർക്കപ്പെട്ടതുപോലയാണുള്ളത്. അത്‌ലോരെണ്ണം നശിച്ചാൽ നാം ഇല്ലാതാക്കും എന്ന് നാം തിരിച്ചറിയണം. വരും തലമുറയ്ക്ക് കൂടി അനുഭവിക്കാനുള്ളതാണ് ഈ പ്രകൃതി എന്ന് നാം മനസ്സിലാക്കണം.

മഴയും, കാറ്റും, വെയിലും, വൃക്ഷലതാദികളും, പുഴകളും, ജലസ്രോതസ്സുകളും പ്രകൃതി നമുക്ക്  വരദാനമായി നൽകിയതാണെന്ന് മനസ്സിലാകക്ി അവയെ മലിനമാക്കാതിരിക്കുക. ഇവയില്ലെങ്കിൽ ഈ പ്രകൃതി ഇല്ല, ഈ പ്രകതി ഇല്ലെങ്കിൽ നാമില്ല എന്ന് തിരിച്ചറിയുക. പ്രകൃതിയുടെ ഈ അമൂല്യമായ സംഭാവനകളെ നശിപ്പിക്കാതിരിക്കുക, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക ഇവയെല്ലാമാണ് വരാൻപോകുന്ന വിപത്തുകൾക്കും പ്രകൃതി ക്ഷോഭങ്ങൾക്കും എതിരെ നമുക്ക് ചെയ്യാൻ കഴിയുന്ന ഓരേയൊരു മാർഗ്ഗം. പ്രകൃതിയുടെ വിശുദ്ധി കാത്തു സൂക്ഷിക്കും എന്നും പ്രകൃതിയെ ഒരിക്കലും വേദനിപ്പിക്കുകയില്ലെന്നും നമുക്ക് തീരുമാനമെടുക്കാം. പ്രകൃതി സൗഹൃദ വികസന പദ്ധതികൾ നടപ്പിലാക്കാം, പ്രകൃതി സംരക്ഷണ യജ്ഞങ്ങളും, റാലികളിം നടത്താം. പ്രകൃതിയെ സംരക്ഷിക്കുന്നത് നാം ഓരോരുത്തരുടെയും കടമയാണ് എന്ന് തിരിച്ചറിയാം. ഇന്നത്തെ തലമുറയായ നാമാണ് നല്ല നാളയെ വാർത്തെടുക്കേണ്ടത് എന്ന് ഓർമ്മിക്കാം പ്രകൃതിയെ ഇനിയൊരിക്കലും വേദനിപ്പിക്കുകയില്ല എന്ന് തീരുമാനമെടുക്കാം നമ്മൾ അനുഭവിച്ചതുപോലെ നല്ല പ്രകൃതി വരും തലമുറയ്ക്ക് സമ്മാനിച്ച് അവർക്ക് ഉത്തമ മാതൃകയാകാം.

പ്ലാസ്റ്റിക്കുകളുടെ അമിത ഉപയോഗം കുറയ്ക്കാം അവ നിക്ഷേപിക്കാനുള്ള സ്ഥലം  ജലസ്രോതസ്സുകല്ല എന്ന് മനസ്സിലാക്കാം. കടുത്ത പ്രകൃതി ക്ഷോഭങ്ങൽ നമുക്ക് നല്ല പാഠമായി എടുക്കാം. പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യില്ല എന്ന് നമുക്ക് തീരുമാനമെടുക്കാം. ജീവന്റെ നിലനിൽപ്പിന് പ്രകൃതി അനിവാര്യമാണ് എന്ന് തിരിച്ചറിഞ്ഞ് അതിനായി പ്രവർത്തിക്കാം. സമീപകാലത്തുണ്ടായ പ്രളയത്തെ നാം ഏവരും ഐക്യതയോടെ അതിജീവിച്ചതുപോലെ തന്നെ പ്രകൃതി സംരക്ഷണത്തിനായി നമുക്കേവർക്കും ഒത്തുചേരാം. വരാൻ പോകുന്ന പ്രകൃതി ക്ഷോഭങ്ങളെയും മറ്റും തടയാൻ ഈ മാർഗ്ഗങ്ങൾ മാത്രമാണ് നമ്മുടെ മനസ്സിലുളളത്. അതിനായി നമുക്കേവർക്കും കൈ കോർക്കാം.

ജ്യോതിസ് ജോൺസൺ

ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്



## ഉപന്യാസം

# ഭാവി കേരളം നേരിടുന്ന ഊർജ്ജ പ്രതിസന്ധി

ഇന്ന് നമ്മുടെ ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് ഊർജ്ജ പ്രതിസന്ധി. ഭാവി കേരളം നേരിടുന്ന ഊർജ്ജ പ്രതിസന്ധി ഇന്ന് ഏറെ പ്രസിദ്ധമാണ്. സാമ്പത്തിക വളർച്ചയ്ക്കും ജീവിതഗുണ നിലവാരത്തിനും ആവശ്യം വേണ്ട ഘട്ടങ്ങളിൽ ഒന്നാണ് ഊർജ്ജം. വ്യത്യസ്ത രൂപത്തിൽ ഊർജ്ജം കാണപ്പെടുന്നു. പ്രകാശോർജ്ജം, താപോർജ്ജം, യാന്ത്രികോർജ്ജം എന്നിവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. എന്നാൽ പ്രധാനപ്പെട്ട രണ്ടു രൂപങ്ങളാണ് ഗതികോർജ്ജം ചലനം മൂലമുണ്ടാകുന്നതും, സ്ഥിതികോർജ്ജം സ്ഥാനം രൂപീകൃതമാകുന്നതുമാണ്. ഇവയുടെ സംരക്ഷണം നമ്മുടെ കർത്തവ്യങ്ങളിൽ ഒന്നാണ്. നമ്മുടെ കൊച്ചുകേരളത്തിൽ ഊർജ്ജം ഉൽപ്പാജിപ്പിക്കപ്പെടുന്നത് മൂന്നു വഴികളിലൂടെയാണ്. ജലത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നവ, കാറ്റിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നവ, സൗരോർജ്ജത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നവ എന്നിവയാണ്. എന്നാൽ കേരളത്തിൽ 70%വും ഉൽപ്പാദിപ്പിപ്പെടുന്ന വൈദ്യതി ജലത്തിൽ നിന്നാണ്. ഇതിന് നമ്മുടെ സംസ്ഥാനത്തിലെ ഡാമുകൾ കാരണമാണ്. ഡാമുകളിലെ ജലം ദിനം തോറും കുറയുന്ന വിവരം നമുക്ക് അറിയാകുന്നതാണ്. ഇത്തരത്തിൽ നേരിടുന്ന വൈദ്തി പ്രതി,സ്ധി നിയന്ത്രിക്കാനായാണ് നാം പുതിയ സാങ്കേതികവിദ്യകൾ തേടിപോയത്. കാറ്റിൽ നിന്ന് ലഭിക്കുന്ന ഊർജ്ജം പ്രയോജനപ്പെടുത്തുന്നതിനായി നാം കാറ്റാടിയന്ത്രങ്ങളും കാറ്റാടിപാടങ്ങളും നിർമ്മിച്ചു. ഇതുവഴി കുറച്ചെങ്കിലും ഊർജ്ജം പ്രയോജനപ്പെടുത്തുന്നതിന് സഹായകമായി തീർന്നു.

സൂര്യനിലെ ഊർജ്ജം മാനവരാശിക്ക് അപടകടക്കാരിയാണെങ്കിലും വിദഗ്ധ ശാസ്ത്രജ്ഞർ ആ ഊർജ്ജ മനുഷ്യന് ഗുണകരമായരീതിയിൽ പ്രയോജനപ്പെടുത്തുന്നതിൽ സഫലരായി. സോളാർ പാനൽ ഘടിപ്പവാഹനങ്ങൾ, സോളാർ ലൈറ്റുകൾ, സോളാർ ഫോണുകൾ, സോലാർ കാൽക്കുലേറ്ററുകൾ തുടങ്ങിയ ഉപകരണങ്ങൾ നമുക്ക് ലഭിച്ചു. സൗരോർജ്ജം , വൈദ്യതോർജ്ജമാക്കി മാറ്റി നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്നു.

കൽക്കരി, പെട്രോളിയം, തുടങ്ങിയ ധാതുക്കൾ നാം ഉപയോഗം നിയന്ത്രിക്കാനായി നാം വ്യത്യസ്ത മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ പ്രളയം കഴിഞ്ഞ ഈ സാഹചര്യത്തിൽ നവകേരള സൃഷ്ടിക്കായി ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളിലൂടെ കേരളം നേരിടാൻ ഇരിക്കുന്ന ഊർജ്ജ പ്രതിസന്ധിയെ തടയാൻ നമുക്ക് സാധിക്കണം.

കൃഷ്ണപ്രിയ എം. വിനോദ്
IX- C

ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്



# ഭൂമി, ഭൂമി ആയത് എങ്ങനെ?

**ഭൂമിയിൽ ജീവൻ ഉണ്ടാകാൻ കാരണമായ വസ്തുതകളിൽ** (1) അകലം ആണ്. ഭൂമിയും സൂര്യനും തമ്മിലുള്ള അകലം കൃത്യമായതിനാൽ ഭൂമിയിൽ ജലം ഒഴുകി നടക്കുന്നു. ഭൂമി സൂര്യന് അടുത്തായിരുന്നെങ്കിൽ ഭൂമിയിലെ ജലം ബാഷ്പീകരിച്ച് പോയേനെ. ഇനി ഭൂമി സൂര്യന് അകലെയായിരുന്നെങ്കിലോ? ഭൂമിയിലെ ജലം ഹിമമായി ഉറച്ച് പോകുമായിരുന്നു. അതിനാൽ ഭൂമിയും സൂര്യനും തമ്മിലുള്ള അകലം ഭൂമിയിൽ ജീവന്റെ സാധ്യതകൾക്ക് ഊർജ്ജം പകർന്നു.

(2) ഭൂമിയുടെ വലിപ്പവും ജീവന്റെ ഉത്സവത്തിന് അനുകൂലമായി ഭൂമി അധിക വലുതായിന്നെങ്കിൽ ഭൂമിക്ക് ഗുരുത്വാകർഷണം കൂടുകയും Hydrogen, Heliun, Methane എന്നീ വാതകങ്ങളെപ്പോലും പടിച്ചു നിർത്തുകയും ചെയ്തേനെ. ഓസോൺ പാളി ഇല്ലാത്തതിനാൽ സൂര്യന്റെ Ultra Violet രശ്മികൾ ഭൂമിയിൽ പതിക്കുകയും ഭൂമിയിലെ ജലത്തെ Hydrogen - Oxygen എന്നിങ്ങനെ വേർപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഓക്സൈഡുകൾ ഉണ്ടായി.

ഇനി ഭൂമി ചെറുതായിരുന്നെങ്കിൽ അന്തരീക്ഷം തന്നെ ഉണ്ടാകുമായിരുന്നില്ല.

**Nevil Anish**
IX- G
Roll No: 12

ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്



# ഓർമ്മിക്കുമ്പോൾ...

പള്ളിയിലേക്ക് പോകാൻ തുടങ്ങുകയാണ് ആലീസ് ഇന്ന് അവളുടെ പപ്പയുടെയും മമ്മിയുടെയും 15 – ാം ഓർമ്മദിനം ആണ്. ആലീസിന് അഞ്ച് ഉള്ളപ്പോഴാണ് അവളുടെ പപ്പയും മമ്മിയും കാറപകടത്തിൽ മരിച്ചത്. അച്ഛന്റെയും അമ്മച്ചിയുടെയും തണലിലാണ് അവൾ വളരുന്നത്. പള്ളിയിൽ എത്തി കുർബ്ബാനയിൽ പങ്കെടുത്തു ശേഷം സെമിത്തേരിയിൽ പോയി തിരി കത്തിച്ച് പ്രാർത്ഥിച്ചു. നല്ല വെയിൽ ആയിരുന്നു. എന്നാലും അവൾ അല്പസമയം കല്ലറയുടെ അരികിൽ നിന്നു തല ചുറ്റുന്നതായി അവൾക്ക് തോന്നി. പിന്നീട് അവൾ സെമിത്തേരിയിൽ നിന്നും വീട്ടിലേക്ക് തിരിച്ചു ചെന്നുകയറി വാതിൽ തുറന്നപ്പോൾ പോസ്റ്റ്മാൻ കേശവൻ വന്നു. അപ്പച്ചനാണ് കത്ത് കൈപ്പറ്റിയത് എഴുത്തും വായനയും വശമില്ലാത്ത അപ്പച്ചൻ ആ കത്ത് ആലീസിനെ കാണിച്ചു. കത്ത് വായിച്ചപ്പോൾ അവൾക്ക് സന്തോഷം അടക്കിപ്പിടിക്കാൻ കഴിഞ്ഞില്ല. ആലീസിന് സേലത്ത് പോയി ബി.എസ്.സി നേഴ്സിംഗ് പഠിക്കാൻ അവസരം ലഭിച്ചു. എന്നാൽ ഒരു കാര്യം ഓർത്തപ്പോൾ അവൾക്ക്  ആ സന്തോഷം നഷ്ടപ്പെട്ടു. അപ്പനെയും അമ്മച്ചിയെയും പിരിയാൻ അവൾക്കോ ആലീസിനെ പിരിഞ്ഞുനിൽക്കാൻ അപ്പച്ചനോ അമ്മച്ചിക്കോ സാധ്യമല്ലായിരുന്നു. 3 വർഷത്തെ കോഴ്സ് 3 വർഷം പോയിട്ട് 3 ദിവസം പോലും ആലീസിന് മാറി താമസിക്കാൻ സാധിക്കില്ലായിരുന്നു. കൊച്ചുമകൾക്ക് നല്ല ജോലി ലഭിക്കണമെന്നും എന്നാൽ അവളെ പിരിഞ്ഞ് നിൽക്കണമെന്നും ഓർക്കുമ്പോൾ.. അത്താഴം കഴിക്കാനിരുന്നപ്പോൾ അപ്പച്ചനും അമ്മച്ചിയും ആലീസിനോട് പറഞ്ഞു. ആലീസോ മോൾക്ക് സേലത്ത് പോയി പഠിക്കുന്നതിൽ എന്തെങ്കിലും താൽപര്യക്കുറവ് ഉണ്ടോ? ആലീസ് പറഞ്ഞു  ഇല്ല എന്നാൽ ആ സംഭാഷണം അവിടെ മുറിഞ്ഞു. നാളെയാണ് ആലീസിന് സേലത്തേക്ക് പോകേണ്ടത് തലേന്ന് മുതലേ അമ്മച്ചി കരച്ചിൽ തുടങ്ങിയതാണ് ഇത് കണ്ട് ദേഷ്യം കയറിയ അപ്പച്ചൻ അമ്മച്ചിയെ ശകാരിച്ചു. നീ എന്തിനാ കരയണേ? അവൾ പഠിക്കാനല്ലേ പോകുന്നേ? അവൾ എന്നെന്നേക്കുമായി പോകുന്നതൊന്നും അല്ല  നീ ഇങ്ങനെ കരഞ്ഞ്  ആലീസിനെ കൂടി വിഷമിപ്പിക്കണ്ട അവളെ പിരിയാൻ എനിക്കും വിഷമമുണ്ട്. ഞാൻ കരയാത്തത് അവളുടെ ഹൃദയം വേദനിക്കും എന്നതുകൊണ്ടാണ്. എന്നാൽ ഇത് ശകാര വാക്ക് എന്നു പറയുന്നതിനേക്കാൾ കൊച്ചുമകളെ വിട്ടുപിരിയാനുള്ള വിഷമം കൊണ്ടുള്ള ഒരു വൃദ്ധന്റെ  വാക്കുകളാണ്. അവളെ നമ്മൾ സന്തോഷത്തോടെ പറഞ്ഞ് അയക്കണം. അപ്പച്ചൻ പറഞ്ഞു പ്രാർത്ഥനയ്ക്കുശേഷം അത്താഴം കഴിക്കാനിരുന്നപ്പോൾ ആലീസിനെ കണ്ടില്ല അവൾ ഒന്നും കഴിക്കാനായി വന്നില്ല.

എന്തൊക്കെയോ ആലോചിച്ച് അവൾ കിടന്നു. നേരം വെളുത്തത് അവൾ അറിഞ്ഞില്ല ഇരുട്ടിനെ മറച്ച് വെളിച്ചം രംഗത്തെത്തി പോകാനുള്ള തയ്യാറെടുപ്പുകൾ തകൃതിയായി നടക്കുകയാണ്. അപ്പച്ചാ എന്ന നീട്ടിയുള്ള വിളി ഇനി കേൾക്കാൻ സാധിക്കില്ലല്ലോ എന്നതായിരുന്നു അപ്പച്ചന്റെ സങ്കടം വീട്ടിൽ നിന്നും ഇറങ്ങാൻ നേരത്ത് അവൾ അപ്പച്ചന്റെയും അമ്മച്ചിയുടെയും അനുഗ്രഹം വാങ്ങിച്ചു. ആലിസിന്റെ കണ്ണ് കലങ്ങിയിരുന്നു. റെയിവേ സ്റ്റേഷനിൽ അപ്പച്ചന്റെ ഒപ്പം അവൾ എത്തി. ഒന്നും തമ്മിൽ തമ്മിൽ സംസാരിക്കാതെ അപരിചിതരെപോലെ വേറെ ഏതോ ലോകത്തായിരുന്നു രണ്ട് പേരും രണ്ട് പേരെയും ഞെട്ടിച്ച്കൊണ്ട് ട്രെയിൻ പോകാറായി എന്ന വാർത്ത വന്നു. ആലീസ് ട്രെയിനിൽ കയറി കരച്ചിൽ അവൾക്ക് അടക്കാനായില്ല ട്രെയിൽ നീങ്ങിതുടങ്ങി അപ്പച്ചൻ ആ ട്രെയിൽ കാഴ്ചയിൽ മായുന്നതുവരെ നോക്കി നിന്നു. ആ കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. പിറ്റേന്ന് രാവിലെ അവൾ സേലത്ത് എത്തി. പുതിയ നാടും പുതിയ ആളുകളും അവളെ  വിസ്മയിപ്പിച്ചു.കോളേജിൽ ചെന്നു. എച്ച്.ഒ.ഡിയെ കണ്ടു.അയാൾ ആലീസിന് വേണ്ടതായ എല്ലാ കാര്യങ്ങളും ചെയ്തുകൊടുത്തു. ചെന്ന ആദ്യദിവസങ്ങളിൽ അവരെ പിരിഞ്ഞ് നിന്നതിൽ വളരെ ബുദ്ധിമുട്ട് ആയിരുന്നു. പിന്നീട് അത് കുറച്ച് കുറച്ചായി മാറി തുടങ്ങി. 6 മാസം കഴിഞ്ഞു പൊങ്കലിന്റെ അവധിക്ക് ഇന്ന് ആലീസ് നാട്ടിൽ വരുകയാണ് അവൾ സന്തോഷത്തോടെ റെയിവേ സ്റ്റേഷനിലേക്ക് പോകാൻ ഒരുങ്ങി അപ്പോഴാണ് നാട്ടിൽ നിന്നും ആലീസിന്റെ അപ്പച്ചൻ വിളിച്ചത് ആലീസിന്റെ പപ്പയുടെ ചേട്ടൻ വന്നിട്ടുണ്ട്. ഇപ്പോൾ നാട്ടിലേക്ക്  വരുന്നത് പന്തിയല്ല. ഒരു കാര്യവുമില്ലാതെ അപ്പച്ചൻ അങ്ങനെ പറയില്ല എന്ന് അവൾ അറിയാം. ആലീസിന്റെ പേരിയാണ് സ്വത്ത് മുഴുവനും

ആ സ്വത്തുക്കൾ എങ്ങനെയെങ്കിലും കൈക്കലാക്കാനാണ് തോമസ് എന്ന ആലീസിന്റെ പപ്പയുടെ ചേട്ടൻ നോക്കുന്നത്. അതിനുവേണ്ടി ആലീസിനെ അപകടത്തിൽ പെടുത്താൻ വരെ തോമസ് മടിക്കില്ല ഈ വാർത്തയറിഞ്ഞ് അവളുടെ മനസ്സ് ഉരുകി. അനി അപ്പച്ചനെ കാണാൻ സാധിക്കുന്നത് അടുത്തവർഷം മാത്രമാണ് അതിനിടയ്ക്ക് നാട്ടിലേക്ക് വരാൻ സാധിക്കില്ല. അവളെ ആരോ ഇരുട്ടിലേക്ക് തള്ളിവിട്ടതുപോലെ തോന്നി സങ്കടം സഹിക്കാൻ കഴിയാതെ അവൾ പൊട്ടി കരഞ്ഞു. നാളുകൾ പിന്നിട്ടു ഫസ്റ്റ് ഇയർ എക്സാമാണ് ആലീസിന് ആലീസിന് ബെസ്റ്റ് സ്റ്റുഡന്റാണ് അവൾ എല്ലാവർക്കും വലിയ കാര്യമാണ് അവളെ പരീക്ഷ എഴുതുന്നതിനിടയ്ക്ക് എക്സാം ഹാളിലേക്ക് ആലീസിന്റെ പ്രധാനധ്യാപകൻ കയറി വന്നു. ആലീസിനെ എഴുന്നേൽപ്പിച്ച് നിർത്തി എന്തോ പറയാനാണ് വന്നത് എന്നാൽ അത് ഇപ്പോൾ പറയുന്നത് അവളുടെ ഭാവിയെ ബാധിക്കും എന്നുള്ളതുകൊണ്ട് ഒന്നും പറഞ്ഞില്ല എന്താണ് പറയാൻ അധ്യാപകൻ ശ്രമിച്ചത് എന്ന് അവൾ ആലോചിച്ചു. എക്സാം കഴിഞ്ഞ് നാട്ടിലേക്ക് പോകാം എന്നുള്ളത് അവളെ സന്തോഷിപ്പിച്ചു.

ആലീസിനെ വേദനിപ്പിക്കണ്ട എന്നുള്ളതുകൊണ്ട് അദ്യാപകൻ ഒന്നും അവളെ അറിയില്ല റെയിൽവേ സ്റ്റേഷനിൽ കാത്തിരുപ്പ് കേന്ദ്രത്തിൽ അവൾ ഇരുന്ന് അപ്പച്ചനെയും അമ്മച്ചിയെയും കാണാനുള്ള മോഹം അവളുടെ മനസ്സിൽ വർദ്ധിച്ചു. അപ്പോഴാണ് ഒരു ആൾക്കൂട്ടം അവൾ കണ്ടത് ആരൊക്കെയോ ചേർന്ന് ഒരു വയസ്സായ വൃദ്ധനെ ഉപദ്രവിക്കുന്നു. വിശന്നപ്പോൾ കടയിൽ ആഹാരം വാങ്ങിച്ച് കഴിച്ചു പൈസകൊടുത്തശേഷം കടയിൽ നിന്ന് ഇറങ്ങാൻ തുടങ്ങിയ വൃദ്ധനെ പുറകിൽ നിന്നും ചവിട്ടി വീഴ്ത്തി കാര്യം അറിയാതെ വൃദ്ധൻ തരിച്ച് നിന്നു. വീണിടത്തുനിന്ന് എണീക്കാൻ പോലും സാധിക്കാതെ അയാൾ അവിടെ കിടന്നു. കടക്കാരൻ ആ വൃദ്ധൻ കഴിച്ചിട്ട് കാശ് തന്നില്ല എന്ന് പറഞ്ഞ് ആണ് വൃദ്ധനെ ചവിട്ടിയത് കാശ് കൊടുത്ത് എന്ന് വൃദ്ധൻ കൂടി നിന്ന ആളുകളോട് കെഞ്ചി പറഞ്ഞു. പക്ഷെ അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല പട്ടിയെ തല്ലുന്നതുപോലെ അവർ ആ വൃദ്ധനെ അടിച്ചു. എന്നാൽ ഇതൊക്കെ കണ്ടുകൊണ്ട് നിന്ന ആലീസ് ആളുകളോട് ഒച്ചയെടുത്തു. എന്താണ് സത്യം എന്ന് ആളുകളെ ബോധ്യപ്പെടുത്തി ആ നിസ്സാഹായവസ്ഥയിൽ സഹായിച്ച ആലീസിനെ ആ വൃദ്ധൻ അനുഗ്രഹിച്ചു. ആ വൃദ്ധനെ കണ്ടപ്പോൾ അവൾക്ക് അവളുടെ അപ്പച്ചനെ ഓർമ്മ വന്നു. ആ വൃദ്ധനെ ആ അവസ്ഥയിൽ ആക്കി അവൾക്ക് പോകാൻ സാധിച്ചില്ല മനസ്സില്ലാമനസ്സോടെ അവൾ ട്രെയിനിൽ കയറി ട്രെയിനിന്റെ ചൂളം വിളി അവളുടെ കാതുകളിൽ മുഴങ്ങി.

നാട്ടിലെത്തി അവൾ ആദ്യം കണ്ടത് അപ്പച്ചന്റെ ഏറ്റവും അടുത്ത സുഹൃത്തായ ജെയ്സൻ ചാച്ചനെയാണ് ആലീസിനെ കണ്ട ജെയ്സൻ ചാച്ചൻ സഹതാപഭാവത്തിൽ അവളെ നോക്കി പറഞ്ഞു ആലീസേ വരാനുള്ളത് വഴിയിൽ തങ്ങുമോ? സാരമില്ല ഇത്രയും പറഞ്ഞശേഷം അയാൾ പോയി കാര്യം മനസ്സിലാകാതെ അവൾ നടന്നു.

തല കറങ്ങുന്നതായി അവൾക്ക് തോന്നി ഒന്നും കഴിക്കാത്തതുകൊണ്ടായിരിക്കും വീട്ടിൽ എത്തിയശേഷം അവൾ അപ്പച്ചനെ അപ്പച്ചാ... അപ്പച്ചാ.. ഞാൻ വന്നു ആലീസാണ് എന്ന് മനസ്സിലാക്കി വല്ല്യമ്മച്ചി ഓടിവന്നു. വല്ല്യമ്മച്ചിയുടെ ദേഹം അടിമുടി വിറച്ചു. അവൾ അപ്പച്ചനെ അന്വോഷിച്ചാൽ എന്തുപറയും വന്നുകേറിയ അവൾ അപ്പച്ചനെ അന്വോഷിച്ചു അമ്മച്ചി പറഞ്ഞു നമ്മളെ വിട്ടുപോയി മോൾക്ക് എക്സാം ആയിരുന്നതുകൊണ്ട് അറിയിക്കാത്തത് അവളുടെ കണ്ണിൽ ഇരുട്ട് കയറി പിന്നീട് കണ്ണുതുറന്നപ്പോൾ അവൾ കാണുന്നത് തോമസിനെയും വല്ല്യമ്മച്ചിയേയും ആണ്. സെമിത്തേരിയിൽ അപ്പച്ചന്റെ കല്ലറയിൽ പോകണമെന്ന് അവൾ വാശിപിടിച്ചു. അവൾ അവിടെ നിന്നും ഇറങ്ങി ഓടി പള്ളിയിൽ വെച്ച് വികാരിയച്ചൻ അവളെ പിടിച്ച് നിർത്തി. സങ്കടം സഹിക്കാനാവാതെ അവൾ പൊട്ടിക്കരഞ്ഞു.

അപ്പോഴാണ് അവൾക്ക് അന്ന് റെയിൽവേ സ്റ്റേഷനിൽ വച്ചുകണ്ട വൃദ്ധനെ ഓർമ്മവന്നത്. തന്റെ അപ്പച്ചനായിരുന്നോ പോലും അവൾ സംശയിച്ചു. തന്നെ വിട്ട് പിരിയാൻ സാധിക്കാത്ത അപ്പച്ചനെ ഓർത്ത് ഒരുനോക്ക് പോലും കാണാൻ സാധിക്കാതെ അവൾ...ഓർമ്മിക്കുമ്പോൾ അതെല്ലാം നടന്നതെല്ലാം ദൈവനിയോഗമായി തോന്നുന്നു.

**Jemiya Eldhose**
VIII- A



ലിറ്റിൽ കൈറ്റ്സ്
എബനേസർ ഹയർ സെക്കന്ററി സ്കൂൾ
വീട്ടൂർ, നെല്ലാട്

# ഉപന്യാസം

വിഷയം :

# അതിജീവിക്കാം വരൾച്ചയിൽ നിന്ന്...

"വരുംദിനങ്ങളിൽ മനുഷ്യൻ
സഹിക്കാൻ പോകുന്ന വേനലിൽ
സഹനം കഴിയുമോ മർത്യാ നേരിടാൻ"

കേരളം കഴിഞ്ഞമാസങ്ങളിൽ നേരിടേണ്ടിവന്ന ശക്തമായ ജലപ്രളയം കൊണ്ടുവരുന്ന അതിശക്തിയായ വരൾച്ച ഭൂമിയെ അപ്പാടെ തകർത്തുകളയുന്നതാക്കാം. മനുഷ്യരും ജീവജാലങ്ങളും ഉൾപ്പെടെ ആയിരക്കണക്കിനു ജീവിതം ഉരുകേടിവരുന്ന ഈ കൊടു വേനൽ എങ്ങനെ നേരിടാൻ സാധിക്കും.
ആവശ്യത്തിന് കുടിക്കാൻ പോലും ശുദ്ധജലമില്ലാത്ത ഒരവസ്ഥയെ നിരീക്കാൻ പോലും നമുക്ക് ഓരോരുത്തർക്കും സാധിക്കില്ല. മാറിക്കൊണ്ടിരിക്കുന്ന ഈ കേരളത്തെ ശക്തിയാർജ്ജിക്കാൻ നമ്മുടെ ഓരോരുത്തരുടെയും ഇരുകരങ്ങളുടെ സാന്നിദ്ധ്യം വളരെ വിലപ്പെട്ടതാണ്. പണ്ടത്തെ കേരളത്തെ കവികൾ ദൈവത്തിന്റെ നാടാണെന്നാണ് വിശേഷിപ്പിച്ചിരുന്നത് എല്ലാ വിദേശവ്യക്തികളും

God's own country എന്ന ഇംഗ്ലീഷ് വാക്കുകൊണ്ട് വിശേഷിപ്പിച്ചിരുന്നു. ഇപ്പോൾ ഇത് ചെകുത്താന്റെ നാടാണ്. ഇംഗ്ലീഷിൽ അത് Devil own country ഈ വറ്റി വരളിന്ന പുഴകളെയും അരുവികളെയും കവികൾ എങ്ങനെയാണ് തൂലികയിലൂടെ വായനക്കാരിൽ എത്തിക്കുന്നത്. കഴിഞ്ഞ തലമുറകൾ ചെയ്ത ദോഷങ്ങളുടെ ബാക്കിപാത്രമാണ് ഈ വരൾച്ച പ്രളയത്തിൽ നിന്നും ഒരു വകയ്ക്ക് രക്ഷപ്പെട്ട നമ്മൾ അടുത്ത വരൾച്ച എന്ന പടുകുഴിയിലേക്ക് ചാടുകയാണ്. നമ്മൾ ഓരോരുത്തരും വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് തിരിച്ച് നമ്മുടെ അടുത്തേക്ക് എത്തിയിരുന്നു. പുഴയിലെ വെള്ളം കയറി അതിലെ പ്ലാസ്റ്റിക്കുകൾ പല പ്രദേശങ്ങളിൽ അടിഞ്ഞു കൂടി. പല പ്രദേശങ്ങളിലെ മരങ്ങളിലേക്ക് നോക്കിയാൽ ചാക്കും മറ്റുവസ്തുക്കളും തൂക്കി കിടക്കുന്നത് കാണാമായിരുന്നു. പല വിദ്യാലയങ്ങളിലും വെള്ളം കയറിയിരുന്നു. അത് പല കുട്ടികളുടെയും വിദ്യാഭ്യാസത്തെയും ബാധിച്ചിരുന്നു. പല കുട്ടികളുടെയും പുസ്തകങ്ങൾ ഒലിച്ചുപോകുകയും പല വീടുകൾ ഇടിഞ്ഞു പോകുകയും ഉണ്ടായിരുന്നു. ഈ ഗുരുതര പ്രശ്നത്തിൽ നിന്ന് അതിജീവിച്ച നമ്മൾ വരൾച്ചയെയും അതിജീവിക്കണം.

വരുംതലമുറയെ നമ്മൾ ഒരിക്കലും പ്രശ്നങ്ങളിലേക്ക് വലിച്ചിടരുത്. തുലാംമാസത്തിൽ പെയ്യുന്ന ഇടിയോടുള്ള മഴ നമ്മളെ വരൾച്ചയിൽ നിന്ന് രക്ഷിക്കട്ടെ. കുട്ടനാട്, ചെങ്ങന്നൂര് തുടങ്ങിയ സ്ഥലങ്ങളിലെ ആളുകൾ കൂടുതൽ ഗുരുതര പ്രശ്നങ്ങളെ അതിജീവിച്ചാണ് ജീവിതത്തിന്റെ ഈ വക്കിൽ എത്തിയത്. മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന അസാധാരണമായ പ്രവർത്തികൾക്ക് പ്രകൃതി നമ്മോടുചെയ്യുന്ന തിരിച്ചടികളിൽ ഒന്നു മാത്രമായിരുന്നു പ്രളയം.

ഇനിവരാൻ പോകുന്ന മറ്റൊന്നാണ് വരൾച്ച.എന്നാലും പ്രകൃതി നമ്മളിൽ ഒരു സത്യത്തെ ഉയർത്തികാട്ടി, അത് ഇതായിരുന്നു പണമുള്ളവനും പണമില്ലാത്തവനും ഒരുനാൾ ഒരു കരയിൽ ജീവിക്കേണ്ടിവരും. പ്രളയത്തെ നേരിട്ടതുപോലെ തന്നെ വരൾച്ചയും നമുക്ക് ഒന്നായിനേരിടാൻ കഴിയട്ടെ വരൾച്ച ഭീകരമായ ഒരു ബുദ്ധിമുട്ടാണ്. വെള്ളമില്ലാതെ ഒരു നിമിഷം പോലും നമുക്ക് ജീവിക്കാൻ കഴിയില്ല. മണ്ണും ജലവും വായുവും മലിനമായാൽ മറ്റെല്ലാ ഭൗതിക പുരോഗതിയും മനുഷ്യരാശിക്കു അനുഭവിക്കാൻ കഴിയാതാക്കും. മഹാരോഗങ്ങൾ മനുഷ്യരെ മാത്രമല്ല സർവ്വജീവജാലങ്ങളെയും കീഴടക്കും, പരിസ്ഥിതി തകരാറിലാക്കും, പ്രകൃതിയുടെ താളവം തന്നെ നിലയ്ക്കും. വരൾച്ചയെ നേരിടാൻ നമുക്ക് കൂടുതൽ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്.

ജലമുള്ള ഈ സമയത്ത് കൂടുതൽ വെള്ളം ഉപയോഗിക്കാതിരിക്കുക ജലം മലിനമാകാൻ ഉള്ള സാഹചര്യം ഒഴിവാക്കുക. ജലാശയങ്ങളിൽ രാസവസ്തുക്കൾ ചേർത്ത് മീനുകളെ പിടിക്കാതിരിക്കുക. ഫാക്ടറികളിൽ വരുന്ന മലിനജലം ജലാശയങ്ങളിലേക്ക് കടത്തിവിടാതിരിക്കുക. ഇങ്ങനെ നോക്കിയാൽ വരൾച്ചയെ പരമാവധി നമുക്ക് ഒഴിവാക്കാം സമാധാനപരമായ അന്തരീക്ഷം നിലനിർത്താം.

**Syama Jayan**
IX- C
Ebenezer H.S.S Veettoor
Studentspolice cadet

## ആസ്വാദനക്കുറിപ്പ്

# നാലിതൾപ്പൂവ്



പ്രശസ്തകവി ഇടശ്ശേരി ഗോവിന്ദൻ നായരുടെ കാവിലെ പാട്ടിലെ എന്ന കൃതിയിലെ ഒരു കവിതയാണ് നാലിതൾപ്പൂവ് മലബാറിലെ കേന്ദ്രകലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ച വ്യക്തിയാണ് ഇടശ്ശേരി. കാവിലെ പാട്ട്, പൂതപ്പാട്ട്, കൂട്ടുകൃഷി തുടങ്ങി നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. ഈവിതയിൽ കവി ടുട്ടൻ എന്ന് പരാമർശിക്കുന്നത് തന്നെതന്നെയാണ്. കുട്ടൻ ഏറെ സ്നേഹത്തോടെ ഒരു പനിനീർച്ചെടി മുറ്റത്ത് നട്ടുനനച്ചു വളർത്തി. പൊട്ടിത്തഴച്ച് ആ കന്യകൻ വളർന്ന് മൊട്ടണിഞ്ഞു. ആ മൊട്ടിന്റെയുള്ളിൽ ഉണ്ടായിരുന്ന മനോഹാരിത ആരും അറിഞ്ഞട്ടില്ല. തലയിൽ ഉച്ചികുടുമ പാറിനിലയ്ക്കുന്ന കൊച്ച് അത് എങ്ങനെയാണ് ഗണിക്കുക. കുട്ടനുമാത്രമാണ് അസാധാരണമായി എന്തെങ്കിലും സംഭവിച്ചേക്കാമെന്ന തോന്നലുണ്ടായിരുന്നത്. പേടിയും സന്തോഷവും ഇത്തിരി അഹങ്കാരവും കൂടികലർന്ന ഒരു ഭാവം അവനിലുണ്ടായി ആദ്യത്തെ മൊട്ടു വിരിയുന്നതും കാത്ത് ആകാംഷയോടെ അവൻ ഇരുന്നു. പൂമൊട്ടിന്റെ ചുണ്ട് ചുമക്കുന്നതിനു മുമ്പ് തന്നെ കുട്ടന്റെ മനസിൽ ആയിരം പൂക്കൾ വിരിഞ്ഞു. ആദ്യത്തെ പൂവ് കണ്ണുതുറന്നപ്പോൾ ഭൂമിയിൽ ആയിരെ പൂക്കാലം എത്തിയതുപോലെ കുട്ടനു തോന്നി. അന്നത്തെ മനോഹരമായ പ്രഭാതത്തിന് ആ മുറ്റത്ത് നൃത്തം വയ്ക്കാൻ എന്തൊരുത്സാഹമാണെന്ന് തോന്നുമായിരുന്നു.

ആകാശത്തെ അമ്പിളിക്കീറിന് അവിടം വിട്ട് പോകാൻ ഇഷ്ടമല്ലായിരുന്നു. പാട്ടുകൾ പാടി ആർപ്പുംവിളിയുമായി ആകാശത്ത് പക്ഷികൾ നിരന്നു. പൂഞ്ചിറകുള്ള പൂമ്പാറ്റകൾ തപ്പുകൊട്ടി കൊഞ്ചിക്കുഴഞ്ഞ് നാലുപാടുമെത്തി. സന്തോഷം നിറഞ്ഞമുഖമായി കുട്ടൻ മുറ്റത്ത് നില്ക്കുന്നതു കണ്ടാൽ മറ്റൊരു പൂവാണെന്നേ തോന്നു. ആ പനിനീർപ്പൂവിന്റെ ശോഭയെ, അതിന്റെ സൗന്ദര്യത്തെ, ഇതളിന്റെ മൃദുലതയെ ഓരോന്നിനെയും വീണ്ടും വീണ്ടും ആസ്വദിച്ച് കുട്ടൻ നില്ക്കുമ്പോൾ ആ വഴിക്ക് കുറേ കുട്ടികൾ എത്തിചേർന്നു. പൊന്നിന്റെ തളികപോലെ തുടുത്ത് നില്ക്കുന്ന ആ മനോഹര പുഷ്പത്തെ ആളുകൽ കാണുമോ എന്നൊക്കെയോർത്ത് കുട്ടൻ വിഷമിച്ചു.

എന്നാൽ അവർ ഒന്നും വിട്ടുപോയില്ല. പൂവ് നന്നായിരിക്കുന്നു. എന്ന് അവർ പറഞ്ഞു. നന്ന് എന്ന രണ്ടക്ഷരത്തിൽ ഒതുങ്ങാത്ത എന്തു ഗുണമാണുള്ളത്. സൗന്ദര്യബോധമോ, ശില്പസാമർത്ഥ്യമോ, നിശ്രമമില്ലാത്ത പരിശ്രമമോ എന്നാണ് അവർ ഉദ്ദേശിച്ചത്. കുട്ടന് നന്ന് ആ വാക്കിനെ വേണമെങ്കിൽ തന്റെ പരിശ്രമത്തേക്കുറിച്ചോ, പൂവിന്റെ സൗന്ദര്യത്തെക്കുറിച്ചോ ആണെന്നോർത്ത് മിഠായിപോലെ നുണഞ്ഞ് സന്തോഷിച്ചിരിക്കാം. എന്നാൽ തുടർന്ന് അവർ സത്യം കണ്ടെത്തുകയാണ്. എങ്കിലേ അവർ യോഗ്യരാവൂ... പള്ളിക്കൂടത്തിലെ തോട്ടക്കാരന്റെ അടുത്തു നിന്നല്ലെ നീ ഇതിന്റെ കമ്പുനേടിയത് എന്ന് അവർ ചോദിച്ചു. ഒരു കണക്കിന് അവരുടെ ചോദ്യം ശരിയാണ്. കുട്ടന് പനിനീർച്ചെടിയുടെ കൊമ്പു കൊടുത്തത് പള്ളിക്കൂടത്തിലെ തോട്ടക്കാരനാണ്. പൂക്കളുണ്ടാക്കാൻ ആ തോട്ടക്കാരനുള്ള കഴിവിനെ കുട്ടികൾ വാഴ്ത്തിപ്പാടി. എന്നിട്ടും കുട്ടന്റെ മനോഹരമുഖം വാടിയില്ല. കാരണം അവനും ആ വ്യദ്ധനോട് കടപ്പാടുണ്ട്. എന്നാലും ഈ പൂവിന്റെ നിർമ്മാണപ്രക്രിയയിൽ മറ്റാരെക്കാളും കഷ്ടപ്പാട് തനിക്കാണെന്നവനോർത്തു. ആ സുന്ദരപുഷ്പത്തിന്റെ പൂങ്കവിളിൽ സൂക്ഷിച്ചുനോക്കി ചിരിച്ചുകൊണ്ട് അഭിപ്രായക്കാർക്കെല്ലാം മറുപടി എന്നപോലെ അവൻ ഇപ്രകാരം പറഞ്ഞു. പണ്ട് ഏതോ കാട്ടിലെ കാട്ടാളൻ നട്ടു വളർത്തിയ ചെടിയിൽ നിന്നാണ് ഇന്ന് എല്ലായിടത്തും ഈ ചെടിയെത്തിയത്. പനിനീർച്ചെടി തോട്ടക്കാരന്റേതല്ല. തന്റേതുതന്നെയാണ് എന്ന് പറഞ്ഞു പരിഹസിക്കാനെത്തിയവരുടെ വായ് അവൻ അടപ്പിച്ചു. ആദ്യകവിയായ വാല്മീകിയേയും ആദ്യകാവ്യമായ രാമായണത്തേയും കവി ഇവിടെ സ്മരിക്കുന്നു.

ഈ കവിതയിൽ ഇടശ്ശേരി തന്നെയാണ് കുട്ടനായി പറഞ്ഞിരിക്കുന്നത്. ഇവിടെ കുട്ടനെ പരിഹസിക്കുന്നതിനായി എത്തിയ കുട്ടികളെ കവി സാഹിത്യക്കാരന്മാരെയും വിവർശകരുമായി കണക്കാക്കുന്നു. ഒരു സൃഷ്ടിയെ പരിഹസിക്കുന്നതിനും തെറ്റുകൾ കണ്ടെത്തുന്നതിനും ഇവർ തിടുക്കം കാണിക്കുന്നു. ഈ കാലഘട്ടത്തിൽ ജീവിക്കുന്ന വിമർശകരെ ഈ കവിതയിൽ സൂചിപ്പിക്കുന്നു. സാധാരണക്കാർക്ക് മനസിലാക്കാൻ സാധിക്കുന്ന രീതിയിൽ ആണ് കവി ഇത് അവതരിപ്പിച്ചിരിക്കുന്നത്.

**“പണ്ടൊരു കാട്ടിലെ കാട്ടാളനാണലർ**
**ച്ചെണ്ടുളവാം കമ്പൊടിച്ചു കുത്തി**
**ലാകാതിശായിയാം സൗന്ദര്യമേലുന്ന**
**നാലിതൾപ്പൂ വിരിയച്ചതാദ്യം”**

മനുഷ്യ സംസ്ക്കാരത്തെയും സാഹിത്യത്തെയും സംബന്ധിച്ച ധാരാളം സൂചനകൾ ഈ വരികളിൽ തെളിയുന്നു. പണ്ട് ഏതോ കാട്ടാളൻ നട്ടുവളർത്തിയ ചെടിയുടെ കമ്പൊടിച്ചുകുത്തിയാണ് ഇന്നു കാണുന്ന ചെടികളെല്ലാം ഉണ്ടായത് എന്നു കവി പറയുന്നത്. സാഹിത്യത്തെ അടിസ്ഥാനമാക്കി പറയുമ്പോൾ കാട്ടാളൻ ആദ്യകവിയായ വാല്മീകിയും നാലിതൾപ്പൂവ് ആദ്യകാവ്യമായ രാമായണവുമാണ്. രാമായണത്തെ അവലംബിച്ചാണ് പിന്നീട് നമ്മുടെ കാവ്യ പാരമ്പര്യം വികസിച്ചത്. സംസ്കാര പൈതൃകം മനുഷ്യനിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് കവിതയുടെ ആമുഖത്തിൽ കവി സൂചിപ്പിക്കുന്നുണ്ട്.

സ്വാധീനങ്ങൾ സംസ്കാരത്തിലും സാഹിത്യത്തിലുമുണ്ട്. കാരണം പാരമ്പര്യത്തിന്റെ ബലമുള്ള അടിത്തറയിലാണ് നമ്മുടെ സംസ്കാരവും സാഹിത്യവും നിലനിൽക്കുന്നത്. ഇത് തിരിച്ചറിയാതെ സ്വാധീനത്തെ അവഹരണമായി കാണാൻ ശ്രമിക്കുന്നവരെ കവി വിമർശിക്കുന്നു. ആദ്യകാലം മുതൽ മനുഷ്യൻ നടത്തിയ യാത്രയുടെ തുടർച്ചയാണ് നമ്മുടെ സംസ്കാരവും സാഹിത്യമെല്ലാം എന്ന് കവിതയിലൂടെ സൂചിപ്പിക്കുകയാണ് ഇടശ്ശേരി.



# കേരളീയ കലകൾ

ഒരു നാടിന്റെ കണ്ണാടിയാണ് കലകൾ ഒരു ജനസമൂഹത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ പൈതൃകത്തെ ആ നാട്ടിലെ  കലകളിലൂടെയാണ് നാം അറിയുന്നത്. ഏതുതരം കലാരൂപമായാലും അതിനു പിന്നിലുള്ളത് മലയാളിയുടെ സൗന്ദര്യബോധമാണ്. കേരളത്തിന്റെ കീർത്തി മറുനാട്ടിലും എത്തിച്ച മികച്ച കലാരൂപം കഥകളി തന്നെ ഇക്കാര്യത്തിൽ കേരളത്തിൽ ലഭിച്ചിട്ടില്ല. കൊട്ടാരതമ്പുരാൻ ആവിഷ്കരിച്ച രാമനാട്ടത്തിന്റെ  പരിഷ്കൃത രൂപമാണ് ഇന്നത്തെ കഥകളി എന്ന് പൊതുവേ വിശ്വസിക്കുന്നു. മഹാകവി വള്ളത്തോളിന്റെ  ദീർഘവീഷ്ണത്തിൽ സ്വാപിതമായ കേരള കലാമണ്ഡലം കഥകളിയെ ചിട്ടയോടെ വളർത്തുന്നു.

നൃത്തനൃത്യനാട്യങ്ങളുടെ പൂർണ്ണതയാണ് കഥകളി സംഗീതത്തിനും സാഹിത്യത്തിനും ഒരു പോലെ  പ്രാധാന്യം കഥകളിയിലുണ്ട്. കഥകളിയിലെ  മോഹങ്ങളെ  പ്രധാനമായും അഞ്ചായി തരം തിരിച്ചിരിക്കുന്നു.**പച്ച**, **കത്തി**, **കരി**, **താടി**, **മിനുക്ക്** എന്നിങ്ങനെ ഗുണസമ്പൂർണരായ പാത്രങ്ങളെ അവതരിപ്പിക്കുന്നത് പച്ചവേഷത്തിലാണ് **രാക്ഷസമ്മാർ**, **അസുരന്മാർ**, എന്നിവർ കത്തിവേഷത്തിലും   തമോഗുണ മാധികമുള്ള കഥാപാത്രങ്ങൾക്ക് കരിവേഷം  അതിക്രൂരരായ രാക്ഷസമ്മാർക്ക് മറ്റും  ചുവന്ന താടിവേഷം  വെള്ളതാടി സ്വാതികരായ കഥാപാത്രങ്ങൾക്കാണ് വെള്ളത്താടി. സ്ത്രീകൾക്ക് മിനുക്ക്. കഥകളിയിലെ സംഗീതം ഒരു പ്രത്യേക രീതിയിലുള്ളതാണ് സോപാന  സംഗീതമെന്നാണ് അതിനു പറയുന്നത്.

**കേളികൊട്ട്, കേളിക്കൈ തോടയം, പുറപ്പാട്ട്, മേളപ്പദം** എന്നിവയാണ് കഥകളിച്ചടങ്ങുകൾ വളരെ സമയം ചിലവാക്കി നിഷ്ഠയോടെ പഠനം നിർവ്വഹിക്കുന്ന ഒരാൾക്കെ കഥകളി വശമാകൂ.

**Devika  V.S**
**IX- G**



# നന്ദി

മഹാപ്രളയത്തിന്റെ നീർച്ചുഴികളെയും അതിശൈത്യത്തിന്റെയും കടുംചൂടിന്റെയും ദൈനം ദിനവ്യതിയാനങ്ങളെയും അതിലുപരി അധ്യയനജീവിതത്തിന്റെ തിരക്കുകളെയും അവഗണിച്ച് പ്രതീക്ഷയുടെ പുതുനാമ്പുകൾ തേടി, ജീവിതത്തിന്റെ നറുമണം ഓരോ ശ്വാസത്തിലും ആവാഹിച്ചുകൊണ്ട് പുതുമഴ ഭൂമിയിലുണ്ടാകുന്ന നിറച്ചാർത്തുകൾ പോലെ.

മഴവിൽനിറങ്ങളുള്ള തൂവലുകൾ വർണ്ണച്ചിറകുളുള്ള പക്ഷിയായ് ഇവിടെ ചിറകടിച്ചപ്പോൾ ഈ ചിറകടിയ്ക്ക് ഊർജ്ജം പകർന്ന എല്ലാ സുമനസ്സുകൾക്കും ഹൃദയത്തിന്റെ അഗാധതയിൽ നിന്നും സ്നേഹത്തിനൽ ചാലിച്ച .

നന്ദി..

